LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി മണ്ഡലത്തിലെ തോടുകളുടെ സംരക്ഷണം

225(971) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ തോടുകളുടെ സൈഡ് കെട്ടി സംരക്ഷിക്കുന്നതിന് മൈനർ ഇറിഗേഷൻ മുഖാന്തരമുള്ള പ്രവൃത്തികളായ അരങ്ങേറ്റപറമ്പ്-കൊട്ടാരക്കണ്ടി തോട് (പ്രൈസ് ഐ ഡി -2021/4135/ഐ എ), മലാൽ വെള്ളപോയിൽ കൊട്ടാരക്കണ്ടി തോട് (പ്രൈസ് ഐ ഡി -2021/4136/ഐ എ), മടത്തും ഭാഗം പൂവൻതോട് (പ്രൈസ് ഐ ഡി 2021/4134/ഐ എ) എന്നിവയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ & ബി) തലശ്ശേരി മണ്ഡലത്തിലെ അരങ്ങേറ്റ പറമ്പ-കൊട്ടാരക്കണ്ടി തോട് 39 ലക്ഷം, മലാൽ വെള്ളപ്പൊയിൽ കൊട്ടാരക്കണ്ടി തോട്-112 ലക്ഷം, മാത്തും ഭാഗം പൂവൻ തോട് - 122 ലക്ഷം എന്നിവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് 2702-03-101-98-03-NV എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായുള്ള ശിപാർശ സർക്കാരിൽ ലഭിച്ചെങ്കിലും പ്രസ്തുത ശീർഷകത്തിൽ ആവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ 2021-22 സാമ്പത്തിക വർഷത്തേക്ക് മാറ്റി വയ്ക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിനാൽ DSR 2018 പ്രകാരമുള്ള പുതുക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ആയത് ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കുറ്റ്യാടി പുഴയോര സംരക്ഷണം

226(972) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷ സമയത്ത് ഇടിഞ്ഞു വീണതും നിലവിൽ ഭീഷണി നേരിടുന്നതുമായ കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി ഏതെല്ലാം ഭാഗങ്ങളിലാണ് നടന്നു വരുന്നതെന്ന് അറിയിക്കാമോ?

കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനായി 22-1-2021-ലെ G.O. (Rt) No. 45/2021/WRD പ്രകാരം ഭരണാനുമതി നൽകിയ 17 പ്രവൃത്തികൾ ചങ്ങരോത്ത്, ചെറുവണ്ണൂർ പഞ്ചായത്തുകളിലാണ്. 17 പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനങ്ങളുടെ സുരക്ഷിതത്വം പരിഗണിച്ച് അടുത്ത കാലവർഷത്തിന് മുൻപായി പുഴയോരം ഇടിഞ്ഞുവീഴാൻ സാധ്യതയുള്ള ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ അറിയിക്കാമോ?

പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. മരുതോങ്കര, കുറ്റ്യാടി, തിരുവള്ളൂർ, കാവിലുംപാറ, മണിയൂർ, വേളം, ചെറുവണ്ണൂർ, ചങ്ങരോത്ത്, പേരാമ്പ്ര എന്നീ പഞ്ചായത്തുകളിലും പയ്യോളി മുനിസിപ്പാലിറ്റിയിലുമായി കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് 1624 ലക്ഷം രൂപയുടെ 33 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പ്രവൃത്തി ഏത് ഏജൻസിയെയാണ് ഏൽപ്പിക്കുന്നതെന്ന് അറിയിക്കാമോ; പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഭരണാനുമതി നൽകിയ 17 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പ്രവൃത്തികളിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ട 3 പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായിചേർക്കുന്നു.*

(ഡി) പ്രസ്തുത സുരക്ഷാഭിത്തി നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതുവരെ ആവശ്യമായ മുൻകരുതലുകൾ പ്രദർശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ;വ്യക്തമാക്കാമോ?

സുരക്ഷാഭിത്തി നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ അപകട ഭീഷണിയുള്ള സ്ഥലങ്ങളിൽ മുൻകരുതലുകൾ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തൽ

227(973) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കൊയ്യാൻ പാകമായ നെല്ല് മടവീണ് മുങ്ങിപ്പോകുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ മടവീഴ്ചമൂലം നെല്ല് മുങ്ങിപ്പോകുന്നത് തടയുവാനായി പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ കുട്ടനാട് പാക്കേജ്വഴി നടപ്പിലാക്കി വരുന്നുണ്ട്. ഓരോ വർഷത്തെയും ബഡ്ജറ്റിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.